روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

نبي (സ്വ) യുടെ വിടവാങ്ങൽ പ്രഭാഷണം | 16/07/2021

sufaraulislam.com

بسم الله الرحمن الرحيم

- ഹിജ്റ പത്താമത്തെ വർഷം അറഫയിൽ ഹജ്ജിനോടനുബന്ധിച്ച് നടന്ന പ്രഭാഷണം നബിയുടെ അവസാനത്തെ പ്രസംഗമായി കണക്കാക്കപ്പെടുന്നു.
- ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ആദ്യത്തെ മനുഷ്യാവകാശ പ്രഖ്യാപനമായും ഈ പ്രഭാഷണത്തെ കണക്കാക്കുന്നു.
- ആ പ്രഭാഷണം (حَجَّة الوداع) എന്നാണ് അറിയപ്പെടുന്നത്.

## ❖ നബി (സ്വ) അറഫാ പ്രഭാഷണത്തിലെ ഏതാനും അദ്ധ്യാപനങ്ങൾ.

### 1. നബി (സ്വ) വിടവാങ്ങുന്നു (മരണം) എന്ന അറിയിപ്പ്.

أيها الناس، اسمعوا مني أبيِّن لكم، فإني لا أدري لعلِّي لا ألقاكم بعد عامي هذا، في مَوقفي هذا.

“മനുഷ്യരേ! എന്റെ വാക്കുകൾ ശ്രദ്ധിച്ചു കേൾക്കുക. ഇക്കൊല്ലത്തിനുശേഷം ഈ സ്ഥലത്തുവെച്ച് നിങ്ങളെ കാണാൻ സാധിക്കുമോ ഇല്ലയോ എന്നെനിക്കറിവില്ല.

- നബി (സ്വ) യുടെ അവസാനത്തെയും ആദ്യത്തെയും ഹജ്ജായിരുന്നു ഈ ഹജ്ജ്.
- അടുത്ത ഹജ്ജിന് മുമ്പ് നബി (സ്വ) മരണപ്പെടുകയുണ്ടായി.
- ജാബിർ (റ) ഉദ്ധരിക്കുന്ന ഹദീസിൽ കാണാം.

عن جابر بن عبدالله :يا أَيُّها الناسُ خُذُوا عَنِّي مناسككم، فإني لا أَدْرِي لَعَلِّي لا أَحُجُّ بعد عامي هذا

- സൂറത്തു നസ്റിന്റെ അവതരണം.
- നബി (സ്വ) യുടെ മരണത്തെക്കുറിച്ചുള്ള വൃത്താന്തമാണ് എന്നാണ് മുഫസ്സിറുകൾ പഠിപ്പിച്ചത്.
- **ഉമർ (റ) പറഞ്ഞത്**

ليس بعد الكمالِ إلاَّ النُّقصانُ !

- പൂർത്തിയായയൊന്നിന് പിന്നെ വളർച്ചയില്ല. തളർച്ചയാണ്.
- നബി (സ്വ) എന്തിനു വന്നോ ആ ദൗത്യം പൂർത്തീകരിച്ചിരിക്കുന്നു. ഇനി നബി (സ്വ) മരണമാണ് എന്നവർ മനസ്സിലാക്കി.

- **നമ്മളും മരണത്തെക്കുറിച്ച് ആലോചിക്കുക.**
- മരണം വിദൂരത്തല്ലെന്ന് മനസ്സിലാക്കി ജീവിക്കുക.

**2. രക്തവും ധനവും അഭിമാനവും പവിത്രമാണ്.**

ثم قالَ: أيُّ يَومٍ هذا؟ قال: فسكَتْنا حتى ظَنَنّا أنَّهُ سَيُسَمِّيهِ غَيرَ اسْمِهِ، قالَ: أَلَيسَ يَومَ النَّحْرِ؟ قالَ: قُلْنا: بلى. ثم قال: أيُّ شَهرٍ هذا؟ قالَ: فسكَتْنا حتى ظَنَنّا أنَّهُ سَيُسَمِّيهِ غَيرَ اسمِهِ، قالَ: ثم قالَ: أَلَيسَ ذا الحِجَّةِ؟ قالَ: قُلْنا: بلى. ثم قالَ: أيُّ بَلَدٍ هذا؟ قالَ: فسكَتْنا حتى ظَنَنّا أنَّهُ سَيُسَمِّيهِ غَيرَ اسمِهِ، قالَ: ثم قالَ: أَلَيسَ البَلدَةَ الحَرامَ؟ قالَ: قُلْنا: بلى. قالَ: فإنَّ دِماءَكم وأموالَكم وأعراضَكم حَرامٌ عليكم، إلى أنْ تلقَوْا رَبَّكم، كَحُرمةِ يَومِكم هذا، في شَهرِكم هذا، في بَلَدِكم هذا

- നിങ്ങളുടെ ഈ നാട്ടിനും ഈ മാസത്തിനും ഈ ദിനത്തിനും ഏതുപ്രകാരം നിങ്ങൾ ആദരവ് കൽപ്പിക്കുന്നുവോ, അതേ പ്രകാരം നിങ്ങളുടെ നാഥനുമായി കണ്ടുമുട്ടും വരേക്കും അഭിമാനവും ധനവും പരസ്പരം കയ്യേറുന്നത് നിങ്ങൾക്കിതാ നിഷിദ്ധമാക്കിയിരിക്കുന്നു.

**3. ജാഹിലിയത്തിലെ തിന്മകൾ ഒഴിവാക്കുക.**

- അജ്ഞാനകാലത്ത് നടന്ന ജീവനാശങ്ങൾക്കുള്ള എല്ലാ പ്രതികാരനടപടികളെയും ഞാനിതാ ദുർബ്ബലപ്പെടുത്തിയിരിക്കുന്നു.

وإِنَّ كُلَّ دَمٍ كان في الجاهليةِ مَوْضُوعٌ، وإنَّ أولَ دمائِكُمْ أَضَعُ دَمُ ابنِ رَبيعَةَ بنِ الحارِثِ بنِ عَبْدِ المُطَّلِبِ، كان مُسْتَرْضَعًا في بَنِي لَيْثٍ فقتَلَتْهُ هذيلٌ فهوَ أولُ ما أبدأُ بهِ من دِماءِ الجاهليةِ.

## (ഈ സംഭവം വേണം. അറിയുന്നവർ പറയുക)

- **പലിശയും ഞാൻ നിരോധിച്ചിരിക്കുന്നു.**

وإِنَّ كُلَّ رِبًا مَوْضُوعٌ ولَكُمْ رُؤوسُ أَمْوالِكُمْ لا تَظْلِمُونَ ولا تُظْلَمُونَ، قَضى اللهُ أنْ لا ربًا، وإِنَّ رِبا عَبّاسِ بنِ عَبْدِ المُطَّلِبِ مَوْضُوعٌ كلُّهُ،

അജ്ഞാനകാലത്തെ പലിശ ഇടപാടുകളെല്ലാം ഞാനിതാ ദുർബ്ബലപ്പെടുത്തിയിരിക്കുന്നു. ആ ഇനത്തിൽ ഒന്നാമതായി ഞാൻ ദുർബ്ബലപ്പെടുത്തുന്നത് എന്റെ പിതൃവ്യൻ അബ്ബാസിന് കിട്ടാനുള്ള പലിശയാണ്.

﴿ يَمْحَقُ اللَّهُ الرِّبَا وَيُرْبِي الصَّدَقَاتِ ﴾ (البقرة: ٢٧٦)

**നബി (സ്വ) പറഞ്ഞു:**

عن أبي هريرة :اجْتَنِبُوا السَّبْعَ المُوبِقاتِ قالوا: يا رَسُولَ اللَّهِ، وما هُنَّ؟ قالَ: الشِّرْكُ باللَّهِ، والسِّحْرُ، وقَتْلُ النَّفْسِ الَّتي حَرَّمَ اللَّهُ إلّا بالحَقِّ، وأَكْلُ الرِّبا، وأَكْلُ مالِ اليَتِيمِ، والتَّوَلِّي يَومَ الزَّحْفِ، وقَذْفُ المُحْصَناتِ المُؤْمِناتِ الغافِلاتِ. (أخرجه البخاري)

▪

**4. നിങ്ങളെല്ലാവരും ഒരു മനുഷ്യനിൽ നിന്നാണ്.**

يا أيُّها النّاسُ، ألا إنَّ ربَّكم واحدٌ، وإنَّ أباكم واحدٌ، ألا لا فَضْلَ لِعَربيٍّ على أعجَميٍّ، ولا لعَجَميٍّ على عرَبيٍّ، ولا أحمَرَ على أسوَدَ، ولا أسوَدَ على أحمَرَ إلّا بالتَّقْوى....

- മനുഷ്യരേ, നിങ്ങളുടെ ദൈവം ഏകനാണ്. നിങ്ങളെല്ലാവരുടെയും പിതാവും ഏകൻ തന്നെ. നിങ്ങളെല്ലാവരും ആദമിൽ നിന്നും ജനിച്ചു. ആദം മണ്ണിൽനിന്നും.
- നിങ്ങളിൽ വെച്ച് ജീവിതത്തിൽ കൂടുതൽ സൂക്ഷ്മതയുള്ളവനാരോ അവനത്രെ അല്ലാഹുവിങ്കൽ ഏറ്റവും മാന്യൻ. അറബിക്ക് അനറബിയേക്കാളോ, അനറബിക്ക് അറബിയേക്കാളോ യാതൊരു ശ്രേഷ്ഠതയുമില്ല. ശ്രേഷ്ഠതക്കടിസ്ഥാനം ജീവിതത്തിലുള്ള സൂക്ഷ്മതയത്രേ.

**5. സത്യ വിശ്വാസികൾ സഹോദരങ്ങളാണ്.**

عن عمرو بن يثربي :خطَبَنا رسولُ الله ﷺ فقال: ألا ولا يَحِلُّ لامرئٍ مِن مال أخيه شيئًا إلّا بطِيبِ نَفسٍ منه،

ജനങ്ങളെ! സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങളാണ്. തന്റെ സഹോദരന്റെ സംതൃപ്തിയോടുകൂടിയല്ലാതെ അവന്റെ ധനം കരസ്ഥമാക്കുവാൻ ഒരാൾക്കും പാടില്ല.

- **മുഹാജിറുകളും അൻസാറുകളും**

അനസ് ഇബ്നു മാലികി(റ)ന്റെ വീട്ടിൽ വെച്ച് അവരെ പരസ്പരം പ്രവാചകൻ (സ്വ) സഹോദരങ്ങളാക്കി. അവർ തൊണ്ണൂറ് പുരുഷന്മാരുണ്ടായിരുന്നു; പകുതി പേർ മുഹാജിറുകളും പകുതി പേർ അൻസ്വാറുകളും. അവർക്കിടയിൽ തുല്യവും നീതിയുക്തവുമായ രീതിയിൽ സാഹോദര്യമുണ്ടാക്കി. ബദ്ർ യുദ്ധം നടക്കുന്നത് വരെ മരണശേഷം അവർ പരസ്പരം അനന്തരമെടുത്തിരുന്നു.

എന്നാൽ രക്തബന്ധമുള്ളവർ അല്ലാഹുവിന്റെ രേഖയിൽ (നിയമത്തിൽ) അന്യോന്യം കൂടുതൽ ബന്ധപ്പെട്ടവരാകുന്നു" എന്ന ക്വുർആൻ വചനമിറങ്ങിയപ്പോൾ രക്തബന്ധത്തിലേക്ക് മാത്രമായി അനന്തര സ്വത്തുക്കൾ മടക്കപ്പെട്ടു.

**6. സ്ത്രീകളോട് മാന്യമായി പെരുമാറണം.**

عن عبدالله بن عمر :أيُّها النّاسُ، إنَّ النساءَ عندكم عَوانٍ، أخذتُموهنَّ بأمانة اللهِ، واستحلَلْتُم فروجَهنَّ بكلمةِ اللهِ، ولكم عليهنَّ حَقٌّ، ومِن حَقِّكم عليهنَّ ألّا يُوطِئْنَ فُرُشَكم أحدًا، ولا يَعْصينَكم في معروفٍ، فإذا فعَلْنَ ذلك فلهن رِزقُهنَّ وكِسوتُهنَّ بالمعروفِ

മനുഷ്യരേ! നിങ്ങളോട് നിങ്ങളുടെ പത്നിമാർക്കുള്ള പോലെ തന്നെ, നിങ്ങൾക്ക് അവരോടും ചില ബാദ്ധ്യതകൾ ഉണ്ട്. നിങ്ങൾ സ്ത്രീകളോട് നല്ല നിലക്ക് പെരുമാറിക്കൊള്ളുക. അല്ലാഹു നിങ്ങളോട് സൂക്ഷിക്കാനേൽപ്പിച്ച ആസ്തിയാണ് (അമാനത്ത്) നിങ്ങളുടെ പത്നിമാർ. നിങ്ങളുടെ ഭൃത്യരെ ശ്രദ്ധിക്കുക. നിങ്ങൾ ഭക്ഷിക്കുന്നത് തന്നെ അവർക്കും ഭക്ഷിക്കാൻ കൊടുക്കുക.

- **വർത്തമാന കാലത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ**
- പിഞ്ചു കുഞ്ഞിനെ പീഢിപ്പിക്കുന്ന വാർത്തകൾ
- സ്ത്രീധനത്തിന്റെ പേരിലുള്ള പീഡനങ്ങൾ, കൊലപാതകങ്ങൾ
- ഇസ്ലാം സ്ത്രീകൾക്ക് നൽകുന്ന സ്ഥാനം, ആദരവ്.

عن عائشة أم المؤمنين :إنَّما هنَّ شقائقُ الرِّجالِ (شعيب الأرنؤوط)

عن فضالة بن عبيد :مَن كان يؤمنُ باللهِ واليومِ الآخِرِ فلا يُؤْذِ جارَه، واستَوْصُوا بالنساءِ خيرًا (صحيح الجامع)

**7. ഇസ്ലാമിക പ്രബോധനം.**

- പ്രസംഗത്തിന്റെഅവസാനത്തിൽആ ജനസമൂഹത്തെ അഭിമുഖീകരിച്ചുകൊണ്ട് അവിടുന്ന് ചോദിച്ചു. 'നിങ്ങളോട് ദൈവസന്നിധിയിൽ വെച്ച് എന്നെക്കുറിച്ച് ചോദിക്കപ്പെടും. അപ്പോൾ എന്താണ് നിങ്ങൾ പറയുക?.'ജനസമൂഹം ഒരേ സ്വരത്തിൽ മറുപടി നൽകി. 'അങ്ങുന്ന് അല്ലാഹുവിന്റെ സന്ദേശം ഞങ്ങളെ അറിയിക്കുകയും അങ്ങയുടെ എല്ലാ ബാദ്ധ്യതകളും നിറവേറ്റുകയും ചെയ്തിട്ടുണ്ട് എന്ന് ഞങ്ങൾ മറുപടി നൽകും.'
- അന്നേരം ആകാശത്തേക്ക് കണ്ണും കൈയ്യും ഉയർത്തികൊണ്ട് അവിടുന്ന് പ്രാർത്ഥിച്ചു. 'അല്ലാഹുവേ നീ സാക്ഷ്യം വഹിക്കേണമേ! അല്ലാഹുവേ നീ സാക്ഷ്യം വഹിക്കേണമേ

- നബി (സ്വ) നമ്മെ ഏൽപ്പിച്ച ഇസ്ലാമിക പ്രബോധനം നമ്മുടെ നിർബന്ധ ബാധ്യത യാണ്.

قُلْ هَذِهِ سَبِيلِي أَدْعُو إِلَى اللَّهِ عَلَى بَصِيرَةٍ أَنَا وَمَنِ اتَّبَعَنِي وَسُبْحَانَ اللَّهِ وَمَا أَنَا مِنَ الْمُشْرِكِينَ ﴾ (يوسف: ١٠٨)

وَلْتَكُنْ مِنْكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنْكَرِ وَأُولَئِكَ هُمُ الْمُفْلِحُونَ (آل عمران: ١٠٤)

فَواللَّهِ لَأَنْ يَهْدِيَ اللَّهُ بكَ رَجُلًا خَيْرٌ لكَ مِن أنْ يَكونَ لكَ حُمْرُ النَّعَمِ (بخاري).

---

- റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേ ശങ്ങളും അറിയിക്കുക.
- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.